(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ അനലിസ്റ്റുകളുടെ ഒഴിവ് വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

എറണാകുളം റീജിയണൽ ഡ്രഗ്സ് പരിശോധനാ ലാബ്

155 (820) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം റീജിയണൽ ഡ്രഗ്സ് പരിശോധനാ ലാബിന്റെ നിർമ്മാണത്തിന് എത്ര രൂപ ചെവഴിച്ചുവെന്നും ഇത് എന്ന് ഉദ്ഘാടനം ചെയ്തുവെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ വെള്ളം, വൈദ്യുതി എന്നിവയുടെ കണക്ഷൻ കിട്ടിയതെന്നാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ലാബിനായി എത്ര രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് ; എല്ലാ ഉപകരണങ്ങളും പൂർണ്ണമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഈ ലാബിലേക്ക് എത്ര തസ്തികകൾ അനുവദിച്ചു ; ഇതിൽ പൂർണ്ണമായും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) 2014 വർഷത്തിൽ ഇവിടെ എത്ര സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട് ; ഇതിൽ ഗുണനിലവാരമില്ലാത്ത എത്ര സാമ്പിളുകൾ ഉണ്ട് ; അവയിൽ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ ഉണ്ടോ ;

(എഫ്) തിരുവനന്തപുരം ലാബിൽ 2013-2014 വർഷങ്ങളിൽ എത്ര സാമ്പിളുകൾ പരിശോധിച്ചു; ഇവയിൽ എത്ര എണ്ണം ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട് ;

(ജി) റീജിയണൽ ലാബ് പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം മരുന്നു പരിശോധനയിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ കെട്ടിട നിർമ്മാണത്തിന് നാലു കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2013 ഡിസംബർ 19 -ന് ഈ ലബോറട്ടറി ഉദ്ഘാടനം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ കഴൽ കിണർ വെള്ളം ലഭ്യമായതിനാൽ പ്രസ്തുത വെള്ളമാണ് പരിശോധനകൾക്ക് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. താൽക്കാലിക വൈദ്യുതി കണക്ഷൻ 2013 ഡിസംബർ 19-ന് തന്നെ ലഭിച്ചിരുന്നു. സ്ഥിരമായ വൈദ്യുതി കണക്ഷൻ 23-4-2014 തീയതിയിൽ ലഭിച്ചു. കേരളാ വാട്ടർ അതോറിറ്റിയുടെ വെള്ളത്തിനുള്ള കണക്ഷൻ 12-1-2015 തീയതിയിലും ലഭിച്ചു.

(സി) എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ നാളിതുവരെ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 3,01,76,961 രൂപയുടെ യന്ത്രോപകരണങ്ങളും 2014-15 സാമ്പത്തിക വർഷത്തിൽ 15,74,000 രൂപയുടെ യന്ത്രോപകരണങ്ങളും ലബോറട്ടറി നേരിട്ടും വാങ്ങിയിട്ടുണ്ട്. ഇപ്രകാരം നാളിതുവരെ ആകെ 3,17,50,961 രൂപയുടെ ഉപകരണങ്ങൾ പ്രസ്തുത ലബോറട്ടറിയിൽ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ എല്ലാം പ്രവർത്തിക്കുന്നുണ്ട്.

(ഡി) എറണാകുളത്ത് പ്രവർത്തനം ആരംഭിച്ച റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലേയ്ക്ക് 30 തസ്തികകൾ അനുവദിച്ചു. ഇതിൽ 29 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. നിയമനം നടത്താൻ അവശേഷിക്കുന്ന ഒരു തസ്തിക ഡ്രൈവർ- കം -പ്യൂണിന്റേതാണ്.

(ഇ) 2014 വർഷത്തിൽ എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 705 മരുന്നു സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. ഇതിൽ 6 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചു. അവയിൽ 4 മരുന്നു സാമ്പിളുകൾ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നവ (Government Samples) ആണ്.

(എഫ്) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ 2013 വർഷം 4465 മരുന്നു സാമ്പിളുകൾ പരിശോധിച്ചതിൽ 190 എണ്ണം ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 2014 വർഷത്തിൽ 4082 മരുന്നു സാമ്പിളുകൾ പരിശോധിക്കുകയും അവയിൽ 120 എണ്ണം ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) എറണാകുളത്ത് പുതിയതായി റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് നിലവിൽ വരുന്നതുവരെ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഒരു മരുന്ന് പരിശോധന ലബോറട്ടറി മാത്രമാണ് ഉണ്ടായിരുന്നത്. നിലവിലെ പരിമിതിക്കനുസൃതമായി പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പരിശോധിക്കാൻ സാധിച്ചിരുന്നത്. എറണാകുളത്തെ റീജിയണൽ ലാബിന്റെ പ്രവർത്തനത്തോടെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മരുന്നു പരിശോധനാ ലാബുകൾ 2 എണ്ണം ആയതോടെ വിപണിയിൽ വിതരണം ചെയ്യുന്ന കൂടുതൽ മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നുണ്ട്.

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം

156 (821) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിന് 30,25,000 രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 16,22,851 രൂപയുടെ രാസവസ്തുക്കളും യന്ത്രോപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

മൈക്രോബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനം

157 (822) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ ലാബിലെ പുതിയ മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര ഫണ്ട് വിനിയോഗിച്ചു ; കേന്ദ്ര സ്റ്റേറ്റ് ഫണ്ട് തിരിച്ചു വിവരം ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ടെണ്ടർ നടപടിയിലൂടെ ആയിരുന്നോ ; എത്ര ടെൻഡർ ലഭിച്ചു ; ആരാണ് നിർമ്മാണ പ്രവർത്തനം നടത്തിയത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly